മാതൃഭൂമി EA

July 8, 2016

# തീര സംരക്ഷണം: സമഗ്ര റിപ്പോർട്ട് ആറ് മാസത്തിനകം - മന്ത്രി

കൊച്ചി: തിരസംരക്ഷണം, ഹാർബർ, ഫിഷ്‌ലാൻഡിങ് സെന്റർ എന്നിവ സംബന്ധിച്ച സമഗ്ര പദ്ധതി ആറ് മാസത്തിനകം രൂപപ്പെടുത്തുമെന്ന് ഫിഷറീസ് മന്ത്രി ജെ. മേഴ്സിക്കുട്ടിയമ്മ.

ഫിഷറീസ് മേഖലയിലെ കേന്ദ്ര സർക്കാർ സ്ഥാപന അധികൃതരുമായി കൊച്ചി സി.എം.എഫ്.ആർ.ഐ.യിൽ നടത്തിയ കൂടിക്കാഴ്ച ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

മത്സ്യമേഖലയിൽ കേരളത്തിന് മൂന്ന് ശതമാനം ജനസംഖ്യയും ജി.ഡി.പി.യിൽ 1.5 ശതമാനവുമുണ്ട്. എന്നാൽ, അതനുസരിച്ചുള്ള നിക്ഷേപം തൊഴിലാളികൾക്ക് ലഭിച്ചില്ല. ഉൾനാടൻ മത്സ്യസമ്പത്തിന്റെ കാര്യത്തിൽ മറ്റു സംസ്ഥാനങ്ങൾ കേരളത്തെ പിന്നിലാക്കി. 12 ലക്ഷം കോടി മത്സ്യക്കുഞ്ഞുങ്ങളെയാണ് നമുക്കാവശ്യമെങ്കിലും ഉത്പാദനം രണ്ട് ലക്ഷം കോടി മാത്രമാണ്. ഈ രംഗത്തിന് സർക്കാർ മുൻഗണന നൽകുമെന്ന് മന്ത്രി വ്യക്തമാക്കി.